"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജലവിഭവ(ഭൂജല)വകുപ്പ് - വർക്സ്ഷോപ്പ് & സ്റ്റോഴ്സ് , കൊല്ലം ഓഫീസിൽ സ്റ്റോർ-ഇൻ-ചാർജ്ജ് തസ്തികയിലേയ്ക്ക് അപ്ഗ്രേഡ് ചെയ്ത സ്റ്റോർ അസിസ്റ്റന്റ് തസ്തിക ഡീഗ്രേഡ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ഭൂജല) വകുപ്പ്**

സ.ഉ.(സാധാ) നം.357/2024/WRD തീയതി,തിരുവനന്തപുരം, 09-05-2024

---

പരാമർശം:- 1. 01/06/2007 തീയതിയിലെ സ.ഉ.(സാധാ)നം.738/2007/WRD

2. ഭൂജല വകുപ്പ് ഡയറക്ടറുടെ 02.02.2023, 14/12/2023 തീയതി കളിലെ ഡി.ജി. ഡബ്ല്യൂ.ഡി/489/2023-ഇ1 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ഭൂജല വകുപ്പിൽ ജോലി ചെയ്തു വന്നിരുന്ന ശ്രീ. ഡി. രാജേന്ദ്രനെ സ്റ്റോർ ഇൻ ചാർജ്ജ് ആയി പ്രൊമോഷൻ നൽകുന്നതു സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതി മുമ്പാകെ നൽകിയ OP നമ്പർ 18966/03 കേസിൽ ഭൂജല വകുപ്പ് വർക്ക്ഷോപ്പ് ആന്റ് സ്റ്റോഴ്സ് കൊല്ലത്തെ സ്റ്റോർ അസിസ്റ്റന്റ് തസ്തിക അപ്ഗ്രേഡ് ചെയ്ത് സ്റ്റോർ ഇൻ ചാർജ്ജ് ആക്കി ടിയാനെ ടി തസ്തികയിൽ നിയമിച്ച് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത അന്യായത്തിലെ 22/07/2005 തീയതിയിലെ വിധി നടപ്പിലാക്കിയിരുന്നു. തുടർന്ന് ടിയാന് സീനിയർ ഡ്രില്ലർ ആയി പ്രൊമോഷൻ ലഭിക്കുകയും ടി തസ്തികയിൽ നിന്ന് തന്നെ വിരമിക്കുകയും ചെയ്തു.

2) നിലവിൽ ഭൂജല വകുപ്പിൽ ആകെ മൂന്ന്- സ്റ്റോർ ഇൻ ചാർജ്ജ്, ഒരു സ്റ്റോർ അസിസ്റ്റന്റ് തസ്തികകളാണുള്ളത്. ഇപ്രകാരം തസ്തികകൾ നിലനിർത്തിയാൽ സ്റ്റോർ ഇൻ ചാർജ്ജ് തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിന് ടി തസ്തികയുടെ ഫീഡർ കാറ്റഗറി ആയ സ്റ്റോർ അസിസ്റ്റന്റ് തസ്തികയിൽ മതിയായ ജീവനക്കാരുടെ അഭാവം ഉണ്ടാകുമെന്നും അതുമൂലം സ്റ്റോർ ഇൻ ചാർജ്ജ് തസ്തികയിലെ ഒഴിവ് നികത്താൻ സാധിക്കാതെ അവശേഷിക്കുമെന്നും ഭൂജല വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കൊല്ലം വർക്ക്ഷോപ്പ് ആന്റ് സ്റ്റോഴ്സിലെ ഒരു സ്റ്റോർ അസിസ്റ്റന്റ് തസ്തികയാണ് അപ്ഗ്രേഡ് ചെയ്തിട്ടുള്ളത് എന്നതിനാൽ, വളരെയധികം സ്റ്റോക്ക് എൻട്രി നടത്തേണ്ടതായിട്ടുള്ള ടി ഓഫീസിൽ സ്റ്റോർ ഇൻ ചാർജ്ജിനെ സഹായിക്കുന്നതിന് വേണ്ടി ഒരു സ്റ്റോർ അസിസ്റ്റന്റ് തസ്തിക അത്യാവശ്യമാണെന്നും ആയതിനാൽ കോടതിവിധി പ്രകാരം അപ്ഗ്രേഡ് ചെയ്ത സ്റ്റോർ ഇൻ ചാർജ്ജ് തസ്തിക ഡീഗ്രേഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശം (2) പ്രകാരം ഭൂജല വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം അപ്ഗ്രേഡ് ചെയ്ത കൊല്ലം വർക് ഷോപ്പ് & സ്റ്റോഴ്സ് -ലെ സ്റ്റോർ ഇൻ ചാർജ്ജ് തസ്തിക തിരികെ സ്റ്റോർ അസിസ്റ്റന്റ് തസ്തികയായി ഡീഗ്രേഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സ.ഉ.(സാധാ) നം.357/2024/WRD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DEEPA N.C
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ഭൂജല വകുപ്പ്, തിരുവനന്തപുരം.
ജില്ലാ ഓഫീസർ, കൊല്ലം ജില്ല ഓഫീസ്, ഭൂജല വകുപ്പ്, കൊല്ലം. (ഭൂജല വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ / ആഡിറ്റ് ) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ